പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 276** **21.08.2017-ൽ മറുപടിയ്ക്ക്**

## യൂണിഫൈഡ് മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ജി. എസ്. ജയലാൽ<br>ശ്രീ. മുഹമ്മദ് മുഹസിൻ. പി | | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | യൂണിഫൈഡ് മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (UMTA) എന്ന പേരിൽ വിവിധ ഗതാഗത സംവിധാനങ്ങൾ സംയോജിപ്പിച്ചുകൊണ്ട് ഒറ്റ ടിക്കറ്റിൽ യാത്ര സാധ്യമാക്കുന്ന സംവിധാനം നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; | (എ) | ഉണ്ട്. ഇതിനായുള്ള, കരട് കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി സംബന്ധിച്ച നിയമ നിർമ്മാണം ആലോചനയിലുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | ഈ സംവിധാനത്തിന്റെ സവിശേഷതകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ? | (സി) | യന്ത്രവത്കൃതമല്ലാത്തതുൾപ്പെടെയുള്ള വിവിധ ഗതാഗത സംവിധാനങ്ങളുടെ ഏകോപനം, പാർക്കിംഗിന് വേണ്ടി സ്ഥലം ഏർപ്പെടുത്തൽ, വിവേകപൂർണ്ണമായ ഗതാഗത സംവിധാനത്തിൽ (ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റം) അധിഷ്ഠിതമായതും എല്ലാ ഗതാഗത സംവിധാനങ്ങൾക്കും യോജിച്ചതും |

| | | | |
|---|---|---|---|
| | | | ഏകോപിപ്പിച്ചതുമായ ടിക്കറ്റ് വിതരണ സംവിധാനം, സിറ്റി ബസ്സുകളുടെ ഗതാഗത സേവനം മെച്ചപ്പെടുത്തൽ മുതലായവ ഏർപ്പെടുത്താനുതകുന്ന ഒരു നിയമാധിഷ്ഠിത സംവിധാനമാണ് കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി. കൂടാതെ, ഒറ്റ ടിക്കറ്റ് സംവിധാനത്തിൽ ആവിഷ്കരിച്ചിട്ടുള്ള റൂപേ സ്മാർട്ട് കാർഡ് ഉപയോഗിച്ച് യാത്രചെയ്യുവാൻ ഉദ്ദേശിക്കുന്നവർക്ക് യാത്രയുടെ ആരംഭം മുതൽ അവർ യാത്രയ്ക്കുവേണ്ടി ആശ്രയിക്കുന്നതായ – ഓട്ടോറിക്ഷകൾ, ബോട്ടുകൾ, ബസ്സുകൾ, മെട്രോ ട്രെയിൻ എന്നിങ്ങനെയുള്ള വിവിധ യാത്രാ സംവിധാനങ്ങളിൽ ഒരേ കാർഡ് തന്നെ ഉപയോഗിക്കാനാകും എന്നത് ഇതിന്റെ പ്രധാന സവിശേഷതയാണ്. |

സെക്ഷൻ ഓഫീസർ